# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4694 28.6.2013-ൽ മറുപടിയ്ക്ക്

## കാലിത്തീറ്റ ഫാക്ടറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് സ്വകാര്യ, സർക്കാർ മേഖലകളിൽ പ്രവർത്തിക്കുന്ന കാലിത്തീറ്റ ഫാക്ടറികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്ത് പ്രധാനമായും കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ , കേരള സോൾവന്റ് എക്സ്ട്രാക്ഷൻസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന കെ.എസ് എന്ന സ്ഥാപനവും കാലിത്തീറ്റ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. |
| ബി) | ഈ സ്ഥാപനങ്ങൾ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റകൾ ഏതെല്ലാമാണെന്നും ഇവയുടെ വില എത്രയാണെന്നും അറിയിക്കുമോ; | ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | കാലിത്തീറ്റയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇല്ല. കേരള ഫീഡ്സ് നവംബർ 2012 ന് ശേഷം കാലിത്തീറ്റയുടെ വില വർദ്ധിപ്പിച്ചിട്ടില്ല. |
| ഡി) | കാലിത്തീറ്റ ന്യായവിലയ്ക്ക് ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ഇവ ഫലപ്രദമായിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | ഡി) കേരള ഫീഡ്സ് 2012 നവംബർ മാസത്തിന് ശേഷം കാലിത്തീറ്റയുടെ വിലയിൽ വ്യതിയാനം വരുത്തിയിട്ടില്ല, മാത്രമല്ല നിലവിലുള്ള പരമാവധി വിൽപ്പന വിലയിൽ നിന്ന് 60 രൂപ കിഴിവിലാണ് കേരള ഫീഡ്സ് റിച്ച് വിൽപ്പന നടത്തുന്നത്. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിന് കേരള ഫീഡ്സ്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഒരു ഫാക്ടറിയിൽ നിന്നുകൂടി ഉൽപാദനം ആരംഭിച്ചിട്ടുണ്ട്. 2013 ജൂലൈയോടു കൂടി പ്രതിദിനം ഉൽപ്പാദനം 1000 മെട്രിക് ടൺ ആയി മാറ്റും . 900 മെട്രിക് ടൺ കാലിത്തീറ്റ പ്രതിദിനം വിപണിയിൽ എത്തിക്കുവാൻ ഈ മാസം |

മുതൽ കഴിഞ്ഞിട്ടുണ്ട്. 2012 ജൂൺ മാസം ഇത് 600 മെട്രിക് ടൺ മാത്രമായിരുന്നു. ഏപ്രിൽ 2012 മുതൽ കാലിത്തീറ്റ ഉൽപ്പാദനത്തിനുപയോഗിക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കളുടേയും വൈദ്യുതിയുടേയും ഡീസലിന്റെയും വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് വന്നതു മൂലം ഇതര കമ്പനികൾ കാലിത്തീറ്റയുടെ വില കഴിഞ്ഞ ഏതാനും മാസങ്ങളിലായി കുത്തനെ വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ കേരള ഫീഡ്സ് കാലിത്തീറ്റയ്ക്ക് വില വർദ്ധനവ് വരുത്തിയിട്ടില്ല.

Seele

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കേരള വിപണിയിൽ ലഭ്യമായ പ്രധാന കാലിത്തീറ്റകളുടെ വില നിലവാരം

| തൂക്കം (Kg) | ബ്രാൻഡ് | | | |
|---|---|---|---|---|
| | കേരള ഫീഡ്സ് | | മിൽമ | കെ.എസ്. സ്വകാര്യ കാലിത്തീറ്റ |
| 50 | പ്ളസ് | 825 | 875 | ഇല്ല-- |
| 50 | റിച്ച് | 885 | -- | 927.00(പ്രീമിയം) |
| 50 | എലൈറ്റ് | 960 | -- | 1003.00(സുപ്രീം) |

സെക്ഷൻ ഓഫീസർ